# ഖുർആൻ ബോധനം

എ.വൈ.ആർ

**638**

സൂറ-15

# അൽ ഹിജ്ർ

**61** ദൈവദൂതന്മാരായ മലക്കുകൾ ലൂത്വിന്റെ കുടുംബത്തിലെത്തിയപ്പോൾ.
**62** അദ്ദേഹം അവരോടു പറഞ്ഞു: നിങ്ങൾ അപരിചിതരാണല്ലോ.
**63** അവർ അറിയിച്ചു: അല്ല; ഈ ജനം സംശയിക്കുന്ന ആ സംഗതി കൊണ്ടുവന്നിരിക്കുകയാണ് ഞങ്ങൾ.
**64** ഞങ്ങൾ യാഥാർഥ്യവുമായി അങ്ങയുടെ അടുത്തെത്തിയിരിക്കുന്നു. ഞങ്ങൾ പറയുന്നത് സത്യം തന്നെയാകുന്നു.
**65** ആകയാൽ ഇന്നു കുറെ രാച്ചെന്നാൽ അങ്ങ് കുടുംബത്തെയും കൂട്ടി സ്ഥലം വിട്ടുകൊള്ളേണം. പലായകരുടെ പിന്നിലാണ് അങ്ങ് നടക്കേണ്ടത്. ആരും തിരിഞ്ഞുനോക്കിപ്പോകരുത്. കൽപിക്കപ്പെടുന്ന ദിക്കിലേക്ക് എല്ലാവരും സഞ്ചരിച്ചുകൊള്ളേണം.
**66** നാളെ പ്രഭാതമാകുന്നതോടെ ഈ ജനം ഉന്മൂലനം ചെയ്യപ്പെടുന്നു എന്ന വിധി നാം അദ്ദേഹത്തെ അറിയിച്ചു.
**67** നഗരവാസികൾ പുളകിതരായി ലൂത്വിന്റെ വസതിയിൽ കുതിച്ചെത്തി.
**68** ലൂത്വ് അവരോടു കേണു: ഇവർ എന്റെ മാന്യാതിഥികളാണ്. എന്നെ നാണം കെടുത്തരുതേ!
**69** അല്ലാഹുവിനെ ഭയപ്പെടുവിൻ, എന്നെ അപമാനിക്കരുതേ!
**70** അവർ ചോദിച്ചു: ലോകരുടെ കാര്യത്തിൽ ഇടപെടേണ്ടെന്ന് ഞങ്ങൾ നിന്നെ പലവട്ടം വിലക്കിയിട്ടില്ലേയോ?
**71** ലൂത്വ് അപേക്ഷിച്ചു: നിങ്ങൾക്ക് വല്ലതും ചെയ്തേ തീരൂ എന്നുണ്ടെങ്കിൽ ഇവിടെയിതാ എന്റെ പെൺമക്കളുണ്ട്!

فَلَمَّا جَآءَ ءَالَ لُوطٍ ٱلْمُرْسَلُونَ ﴿٦١﴾

قَالَ إِنَّكُمْ قَوْمٌ مُّنكَرُونَ ﴿٦٢﴾

قَالُوا۟ بَلْ جِئْنَٰكَ بِمَا كَانُوا۟ فِيهِ يَمْتَرُونَ ﴿٦٣﴾

وَأَتَيْنَٰكَ بِٱلْحَقِّ وَإِنَّا لَصَٰدِقُونَ ﴿٦٤﴾

فَأَسْرِ بِأَهْلِكَ بِقِطْعٍ مِّنَ ٱلَّيْلِ وَٱتَّبِعْ أَدْبَٰرَهُمْ وَلَا يَلْتَفِتْ مِنكُمْ
أَحَدٌ وَٱمْضُوا۟ حَيْثُ تُؤْمَرُونَ ﴿٦٥﴾

وَقَضَيْنَآ إِلَيْهِ ذَٰلِكَ ٱلْأَمْرَ أَنَّ دَابِرَ هَٰٓؤُلَآءِ مَقْطُوعٌ مُّصْبِحِينَ ﴿٦٦﴾

وَجَآءَ أَهْلُ ٱلْمَدِينَةِ يَسْتَبْشِرُونَ ﴿٦٧﴾

قَالَ إِنَّ هَٰٓؤُلَآءِ ضَيْفِى فَلَا تَفْضَحُونِ ﴿٦٨﴾

وَٱتَّقُوا۟ ٱللَّهَ وَلَا تُخْزُونِ ﴿٦٩﴾

قَالُوٓا۟ أَوَلَمْ نَنْهَكَ عَنِ ٱلْعَٰلَمِينَ ﴿٧٠﴾

قَالَ هَٰٓؤُلَآءِ بَنَاتِىٓ إِن كُنتُمْ فَٰعِلِينَ ﴿٧١﴾

فَلَمَّا جَآءَ= വന്ന(എത്തിയ)പ്പോൾ ءَالَ لُوطٍ= ലൂത്വിന്റെ കുടുംബത്തിൽ ٱلْمُرْسَلُونَ= ദൈവദൂതന്മാർ (ആയ മലക്കുകൾ)
قَالَ= അദ്ദേഹം(അവരോടു)പറഞ്ഞു إِنَّكُمْ= നിങ്ങൾ قَوْمٌ مُّنكَرُونَ= അപരിചിതരായ ജനം(ആണല്ലോ)
قَالُوا۟= അവർ പറഞ്ഞു(അറിയിച്ചു) بَلْ= പക്ഷേ, അല്ല جِئْنَٰكَ= അങ്ങയുടെ അടുത്തു കൊണ്ടുവന്നിരിക്കുകയാണ്
بِمَا كَانُوا۟ فِيهِ يَمْتَرُونَ= അവർ സംശയിക്കുന്നവരായതിനെ(സംശയിക്കുന്ന ആ സംഗതിയെ)
وَأَتَيْنَٰكَ= ഞങ്ങൾ നിന്റെ അടു(ത്തെത്തിയിരിക്കുന്നു)ത്തുവന്നു بِٱلْحَقِّ= യാഥാർഥ്യവുമായി وَإِنَّا= ഞങ്ങൾ തീർച്ചയായും
لَصَٰدِقُونَ= സത്യവാന്മാർ തന്നെയാകുന്നു(പറയുന്നത് സത്യം തന്നെയാകുന്നു)
فَأَسْرِ = നീ രാത്രി സഞ്ചരിക്കുക(അങ്ങ് സ്ഥലം വിട്ടുകൊള്ളേണം) بِأَهْلِكَ= അങ്ങയുടെ കുടുംബത്തെയും കൊണ്ട്
بِقِطْعٍ مِّنَ ٱلَّيْلِ= (ഇന്ന്) കുറെ രാച്ചെന്നാൽ وَٱتَّبِعْ= നീ  പിന്തുടരുക(അങ്ങ് നടക്കേണ്ടത്)
أَدْبَٰرَهُمْ= (പലായനം ചെയ്യുന്ന) അവരുടെ പിന്നിൽ(ആണ്) وَلَا يَلْتَفِتْ مِنكُمْ= നിങ്ങളിൽനിന്ന് തിരിഞ്ഞു നോക്കരുത്
أَحَدٌ= ആരും, ഒരുവനും وَٱمْضُوا۟= നിങ്ങൾ (എല്ലാവരും) സഞ്ചരിച്ചുകൊള്ളേണം
حَيْثُ تُؤْمَرُونَ= നിങ്ങൾ കൽപിക്കപ്പെടുന്നിടത്തേക്ക്(ദിക്കിലേക്ക്) وَقَضَيْنَآ= നാം വിധിച്ചു, അറിയിച്ചു
إِلَيْهِ= അദ്ദേഹത്തിലേക്ക് ذَٰلِكَ ٱلْأَمْرَ= ആ വിധി
أَنَّ دَابِرَ هَٰٓؤُلَآءِ مَقْطُوعٌ= എന്തെന്നാൽ ഇക്കൂട്ടരുടെ മുരട് മുറിക്കപ്പെട്ടതാകുന്നു(ഈ ജനം ഉന്മൂലനം ചെയ്യപ്പെടും എന്ന്)
مُّصْبِحِينَ= (നാളെ) അവർ പ്രഭാതത്തിലാകുന്ന അവസ്ഥയിൽ(പ്രഭാതമാകുന്നതോടെ) وَجَآءَ= വന്നു
أَهْلُ ٱلْمَدِينَةِ= നഗരവാസികൾ يَسْتَبْشِرُونَ= സന്തോഷവാർത്തയറിഞ്ഞുകൊണ്ട്(പുളകിതരായി)
قَالَ= അവൻ പറഞ്ഞു(ലൂത്വ് അവരോടു കേണു) إِنَّ هَٰٓؤُلَآءِ ضَيْفِى= ഈയാളുകൾ എന്റെ(മാന്യ) അതിഥികളാകുന്നു
فَلَا تَفْضَحُونِ= അതിനാൽ നിങ്ങൾ എന്നെ നാണം കെടുത്തരുതേ وَٱتَّقُوا۟ ٱللَّهَ= നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവിൻ
وَلَا تُخْزُونِ= നിങ്ങൾ എന്നെ അപമാനിക്കരുതേ قَالُوٓا۟= അവർ പറഞ്ഞു(ചോദിച്ചു)
أَوَلَمْ نَنْهَكَ= ഞങ്ങൾ നിന്നെ വിലക്കിയിട്ടില്ലെയോ? عَنِ ٱلْعَٰلَمِينَ= ലോകരെക്കുറിച്ച്(ലോകരുടെ കാര്യത്തിൽ ഇടപെടേണ്ടെന്ന്)
قَالَ هَٰٓؤُلَآءِ بَنَاتِىٓ= ഇവർ(ഇവിടെ ഇതാ) എന്റെ പെൺമക്കളുണ്ട്
إِن كُنتُمْ فَٰعِلِينَ= നിങ്ങൾ ചെയ്യുന്നവരാണെങ്കിൽ(നിങ്ങൾക്കു വല്ലതും ചെയ്തേ തീരൂ എന്നുണ്ടെങ്കിൽ)

**61–66:** ഈ ലോകത്ത് അല്ലാഹു അവന്റെ ദാസന്മാർക്കരുളുന്ന അപാരമായ അനുഗ്രഹത്തിന്റെ ഉദാഹരണമാണ് മുൻസൂക്തങ്ങളിൽ പരാമർശിച്ചത്. തുടർന്ന് ഈ ലോകത്ത് ശിക്ഷാർഹരായവരെ കൊടൂരമായി ശിക്ഷിച്ച ചരിത്രങ്ങളിലൊന്ന് അനുസ്മരിക്കുകയാണ്. മുൻ സൂക്തങ്ങളിൽ മലക്കുകൾ ഇബ്റാഹീമി(അ)നെ അറിയിച്ച, ലൂത്വ് ജനതയുടെ നശീകരണമാണത്.

ഇബ്റാഹീം നബിയോട് വിടപറഞ്ഞ മലക്കുകൾ ലൂത്വ് നബിയുടെ അടുത്തെത്തിയപ്പോൾ അദ്ദേഹവും അവരെ വലിയ ആശങ്കയോടെയാണ് കണ്ടത്. മലക്കുകളുടെ ആഗമനത്തിൽ ഇബ്റാഹീ(അ)മിന് ഭയപ്പെടാനുണ്ടായിരുന്നതിനെക്കാൾ വലിയ കാരണങ്ങളുണ്ടായിരുന്നു ലൂത്വ് നബിക്ക് ഭയപ്പെടാൻ. ഇബ്റാഹീം നബിയെപ്പോലെ അദ്ദേഹം മലക്കുകളെ മനുഷ്യരായ അതിഥികളായിട്ടാണാദ്യം കരുതിയത്. മലക്കുകളാവട്ടെ വന്നിരുന്നത് സുന്ദരന്മാരായ കുമാരന്മാരുടെ രൂപത്തിലായിരുന്നു. ലൂത്വ് ജനതയുടെ സ്വവർഗഭോഗഭ്രമം നേരത്തെ സൂറ *അൽഅഅ്റാഫി*ലും സൂറ *ഹൂദി*ലും വിവരിച്ചിട്ടുള്ളതാണ്. സ്വവർഗഭോഗം മാത്രമായിരുന്നില്ല അവരുടെ കുഴപ്പം. നൈതികവും ധാർമികവുമായ യാതൊരു മൂല്യത്തെയും അവർ വില വെച്ചിരുന്നില്ല. സ്വന്തം ആവശ്യങ്ങളും ആഗ്രഹങ്ങളും പൂർത്തീകരിക്കാൻ എന്തുംചെയ്യാൻ തയാറായിരുന്നു. സഞ്ചാരികൾക്കു നേരെയുള്ള അതിക്രമങ്ങളും കൊലകളും കൊള്ളകളും സുലഭമായിരുന്നു. അത്തരം ധാരാളം സംഭവങ്ങൾ യഹൂദരുടെ തൽമൂദ് രേഖപ്പെടുത്തിയിട്ടുണ്ട്. وَمِن قَبْلُ كَانُوا۟ يَعْمَلُونَ ٱلسَّيِّـَٔاتِ (അവർ മുമ്പേ നീചവൃത്തികൾ ശീലിച്ചവരായിരുന്നു -11:78),

أَئِنَّكُمْ لَتَأْتُونَ ٱلرِّجَالَ وَتَقْطَعُونَ ٱلسَّبِيلَ وَتَأْتُونَ فِى نَادِيكُمُ ٱلْمُنكَرَ
(വികാര ശമനത്തിന് പുരുഷന്മാരെ സമീപിക്കുകയും യാത്രക്കാരെ കൊള്ളയടിക്കുകയും സഭകളിൽ അശ്ലീലങ്ങളിലേർപ്പെടുകയുമല്ലെയോ നിങ്ങൾ ചെയ്യുന്നത്? -29:29) എന്നീ പ്രസ്താവനകളിലൂടെ ഖുർആനും അക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ആഗതർ സാധാരണ മനുഷ്യരാണെങ്കിൽ തന്നെ അവരെ നാട്ടുകാരുടെ കൈയേറ്റത്തിൽനിന്നു രക്ഷിക്കുക വലിയ പാടാണ്. തന്റെ അടുത്തെത്തിയിട്ടുള്ളവരാവട്ടെ സുന്ദര കുമാരന്മാരാണ്, അവരുടെ സാന്നിധ്യമറിഞ്ഞാൽ മതി കാമഭ്രാന്തന്മാർ ഓടിയെത്താൻ. ഇതാണ് ലൂത്വ് നബിയെ അലട്ടുന്ന പ്രശ്നം. *ഹൂദ്* 77-ാം സൂക്തത്തിൽ പറയുന്നത് ഇങ്ങനെയാണ്

وَلَمَّا جَآءَتْ رُسُلُنَا لُوطًا سِىٓءَ بِهِمْ وَضَاقَ بِهِمْ ذَرْعًا وَقَالَ هَٰذَا يَوْمٌ عَصِيبٌ ﴿٧٧﴾

(നമ്മുടെ ദൂതന്മാർ ലൂതിന്റെ അടുത്തെത്തിയപ്പോൾ അദ്ദേഹം അവരുടെ ആഗമനത്തിൽ പരിഭ്രമിക്കുകയും മനസ്സു മുട്ടുകയും ചെയ്തു. 'ഇതൊരു ആപത്ദിനം തന്നെ' എന്ന് അദ്ദേഹം ആത്മഗതം ചെയ്തു).

ഇവിടെ ആഗതരോടുള്ള إِنَّكُمْ قَوْمٌ مُّنكَرُونَ എന്ന വാക്കിലൂടെയാണ് ലൂത്(അ) തന്റെ ഉത്കണ്ഠ വെളിപ്പെടുത്തുന്നത്. نكرة എന്ന മൂലപദത്തിൽനിന്നുള്ള نكر എന്ന ക്രിയയുടെ കർമരൂപമാണ് مُّنكَرُونَ. മൗലികമായ അർഥത്തിൽ അജ്ഞത جهل ആണ് نكرة. അപരിചിതത്വം, തിരിച്ചറിയായ്ക, തിരിച്ചറിയായ്ക മൂലമുണ്ടാകുന്ന സംശയവും ആശങ്കയും തുടങ്ങിയ അർഥങ്ങളിലാണ് സാധാരണ ഉപയോഗം. ഒരു വസ്തുവിന്റെ രൂപത്തിൽ മാറ്റം വരുത്തി തിരിച്ചറിയാതാക്കിയാൽ نكّر എന്നു പറയും. അറബി വ്യാകരണത്തിൽ സാമാന്യനാമത്തിന് نكرة എന്നു പറയുന്നു. ഇതിന്റെ വിപരീതമായി നിർണിതമായതിനെകുറിക്കുന്ന നാമം معرفة. നിങ്ങൾ ഏതു നാട്ടുകാരും ഗോത്രക്കാരുമാണെന്നറിയില്ല, ഇവിടെ വന്നിരിക്കുന്നതെന്തിനാണെന്നും അറിയില്ല, നിങ്ങളുടെ സംരക്ഷണം എനിക്ക് ഏറെ പ്രയാസകരമായ കാര്യമാണ് തുടങ്ങിയ ആശയങ്ങളെയെല്ലാം വഹിക്കുന്നതാണ് ഈ സന്ദർഭത്തിൽ مُّنكَرُونَ എന്ന പദപ്രയോഗം.

ലൂത് നബിയുടെ ആശങ്ക കേട്ട ഉടനെ ആഗതർ തങ്ങൾ ദൈവശിക്ഷയുമായി വന്ന മലക്കുകളാണെന്ന് അദ്ദേഹത്തോട് വെളിപ്പെടുത്തിയെന്നാണ് വചനക്രമത്തിൽനിന്നു മനസ്സിലാവുക. എന്നാൽ ഇവിടെ വചനക്രമം സംഭവക്രമത്തിലല്ല. ആയിരുന്നുവെങ്കിൽ ആഗതർ മലക്കുകളാണെന്നറിയുന്നതോടെ ലൂത്ത് നബിയുടെ പരിഭ്രമം മാറുമായിരുന്നു. ശേഷം പറയുന്നതുപോലെ, നാട്ടുകാർ ഓടിക്കൂടിയപ്പോൾ തന്റെ അതിഥികളെ ഉപദ്രവിക്കരുതേ എന്ന് കേണപേക്ഷിക്കുന്നതിൽനിന്ന് വ്യക്തമാകുന്നത്, ആ സന്ദർഭത്തിലും ആഗതർ മനുഷ്യരാണെന്നാണ് അദ്ദേഹം ധരിച്ചിരുന്നത് എന്നാകുന്നു. ലൂത്(അ) അതിഥികളെ സംരക്ഷിക്കുന്നതിലുള്ള തന്റെ നിസ്സഹായത വെളിപ്പെടുത്തി വേപഥു കൊണ്ടപ്പോഴായിരിക്കണം മലക്കുകൾ ഈ പ്രസ്താവന നടത്തിയത്. താങ്കൾ ഉൽക്കണ്ഠപ്പെടുന്നതുപോലെ ഈയാളുകൾക്ക് പ്രാപിക്കാൻ പറ്റുന്നവരൊന്നുമല്ല ഞങ്ങൾ; പ്രത്യുത ഇവരെ ശിക്ഷിക്കുന്നതിനായി അല്ലാഹു അയച്ച മലക്കുകളാണ്. ഞങ്ങളുടെ രൂപംകണ്ട് അങ്ങ് തെറ്റുധരിക്കേണ്ട. 'ഞങ്ങൾ സത്യവാന്മാർ തന്നെയാണ്' എന്ന ആഗതരുടെ പ്രസ്താവനയുടെ താൽപര്യം ഞങ്ങൾ മലക്കുകൾ തന്നെയാകുന്നു എന്നാണ്.

അവർ സംശയിക്കുന്ന സംഗതി- بِمَا كَانُوا۟ فِيهِ يَمْتَرُونَ -എന്നവാക്ക്, സദോമുകാർ ധാർമികച്യുതിയിൽ തന്നെ മുന്നോട്ടുപോവുകയാണെങ്കിൽ അല്ലാഹുവിന്റെ ശിക്ഷയിറങ്ങുമെന്ന് ലൂത് നബി നേരത്തെ അവരെ താക്കീതു ചെയ്തിരുന്നുവെന്നും ജനങ്ങൾ അദ്ദേഹത്തെ തള്ളിപ്പറഞ്ഞുവെങ്കിലും ശിക്ഷ വന്നേക്കുമോ എന്ന് സംശയിച്ചിരുന്നുവെന്നും സൂചിപ്പിക്കുന്നു. وَأَتَيْنَـٰكَ بِٱلْحَقِّ എന്ന വാക്യത്തിന് അവരുടെ ആ സംശയം യാഥാർഥ്യമാക്കാനാണ് ഞങ്ങളെത്തിയിരിക്കുന്നത് എന്ന ധ്വനികൂടിയുണ്ട്. ലൂത് നബിയോട് പിന്നിൽ നടക്കണമെന്ന് നിർദേശിച്ചത് ആരും കൂട്ടംതെറ്റിപ്പോകാതെയും പിന്തിനിൽക്കാതെയും നോക്കാനും സംഘത്തെ ശീഘ്രഗതിയിൽ മുന്നോട്ട് നടത്താനുമായിരിക്കാം. നിങ്ങൾ കൽപിക്കപ്പെട്ടിടത്തേക്ക് -حَيْثُ تُؤْمَرُونَ- എന്നവാക്യം അവരുടെ പലായനം അലക്ഷ്യമായിരുന്നില്ല; വ്യക്തമായ ലക്ഷ്യത്തോടെയായിരുന്നുവെന്ന് കുറിക്കുന്നു. ഈ ലക്ഷ്യം ശാം(സിറിയ) ആയിരുന്നുവെന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ പ്രസ്താവിച്ചിട്ടുള്ളത്. പെട്ടെന്ന് നാടും വീടും വിട്ടോടിപ്പോവുക ലളിതമായ കാര്യമല്ല. വിട്ടുപോരുന്ന ബന്ധുമിത്രാദികളോടും വസ്തുവഹകളോടുമുള്ള വൈകാരിക ബന്ധം പലായകരെ പിന്നോട്ട് പിടിച്ചു വലിച്ചുകൊണ്ടിരിക്കും. പക്ഷേ, നാശമിറങ്ങാൻ നിശ്ചയിക്കപ്പെട്ട സമയത്തിനു മുമ്പ് നഗരത്തിൽ നിന്നകന്നുപോയില്ലെങ്കിൽ അവരും നശിച്ചു പോകും. കൂടാതെ, എല്ലാ ന്യായങ്ങളും പൂർത്തീകരിക്കപ്പെട്ട ശേഷം അല്ലാഹു നശിപ്പിച്ച നാട് അഭിശപ്തമായ പ്രദേശമാണ്. യാത്രാ വേളകളിൽ അത്തരം പ്രദേശങ്ങളിലൂടെ കടന്നുപോകാനിടയായാൽ നബി(സ) സഞ്ചാരത്തിനു വേഗം കൂട്ടുകയും ആ പ്രദേശം വേഗത്തിൽ പിന്നിടാൻ അനുയായികളെ ഉപദേശിക്കുകയും ചെയ്യാറുണ്ടായിരുന്നു.

മൂട്, മുരട്, പിന്നിലുള്ളത്, പിന്തുടരുന്നത് തുടങ്ങിയ അർഥങ്ങളിലുപയോഗിക്കുന്നതാണ് دابر. ഉന്മൂലനം ചെയ്യപ്പെടുക എന്ന അർഥത്തിലുള്ള പ്രയോഗമാണ് دابره مقطوع. വിധിച്ചു എന്നാണ് قضى യുടെ അർഥം. അതിനോട് إلى എന്ന പ്രത്യയം ചേരുമ്പോൾ അർഥം അറിയിച്ചു സന്ദേശമെത്തിച്ചു- أَبْلَغَ എന്നാകുന്നു. صباح (പ്രഭാതം) ൽ നിന്നുള്ള أصبح (പ്രഭാതത്തിൽ ആയി) യുടെ ബഹുവചന കർതൃപദമാണ് مُّصْبِحِينَ. അവർ പ്രഭാത സമയത്തായിരിക്കുമ്പോഴാണ് നാശം സംഭവിക്കുക എന്നു താൽപര്യം.

**67–71:** ٱلْمَدِينَـةِ (നഗരം) കൊണ്ടുദ്ദേശ്യം സദോം നഗരമാണ്. بشارة (ശുഭവാർത്ത) യിൽനിന്നുള്ള استبشار ന്റെ വർത്തമാന ബഹുവചന ക്രിയാരൂപമാണ് يَسْتَبْشِـرُونَ. ശുഭവാർത്ത കേൾക്കാൻ ആഗ്രഹിക്കുന്നതിനും ശുഭവാർത്ത കേട്ട് സന്തോഷിക്കുന്നതിനും استبشار എന്നു പറയും. നാട്ടുകാർ ചില സുന്ദരന്മാർ എത്തിയിരിക്കുന്ന എന്നറിഞ്ഞ് സന്തോഷിച്ച് അവരെ പ്രാപിക്കാനുള്ള വെമ്പലോടെ ലൂത് നബിയുടെ വസതിയിൽ കുതിച്ചെത്തിയെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്.

വീട്ടിൽ ആളുകൾ ഓടിക്കൂടുന്നതുകണ്ട് ലൂത് നബി(അ) പരിഭ്രാന്തനായി. അതിഥികളെ പീഡനത്തിൽനിന്ന് രക്ഷിക്കാനുള്ള അധികാരശക്തിയോ ആൾബലമോ അദ്ദേഹത്തിനില്ല. അതിഥികളുടെ മുന്നിൽ തന്നെ നാണം കെടുത്തരുതെന്നും ദൈവത്തെയോർത്ത് അവരെ വെറുതെ വിടണമെന്നും അവരോടു കേണപേക്ഷിക്കാൻ മാത്രമേ അദ്ദേഹത്തിനു കഴിഞ്ഞുള്ളൂ. മാന്യതയുടെയും മര്യാദയുടെയും കണികയെങ്കിലും അവശേഷിക്കുന്നവരുടെ മനസ്സലിയിക്കുന്നതാണീ അപേക്ഷ. അതിഥികളെ ആദരിക്കുകയെന്നത് എവിടെയും എക്കാലത്തും അലംഘനീയമായ സാമാന്യ മര്യാദയായി അംഗീകരിക്കപ്പെട്ടതാണല്ലോ. സ്വന്തം അതിഥികൾ അനാദരിക്കപ്പെടുന്നത് സ്വയം അപമാനിക്കപ്പെടുന്നതിനെക്കാൾ വലിയ ആഘാതമായി എല്ലാവരും കരുതുന്നു. പക്ഷേ, അക്കൂട്ടരുടെ മനസ്സാക്ഷി മരിച്ചു പോയിരുന്നു. ഒരു തിന്മ, തിന്മയാണെന്ന നേരിയ സങ്കൽപമെങ്കിലും മനസ്സിൽ അവശേഷിക്കുന്നുണ്ടെങ്കിലേ മറ്റുള്ളവർക്ക് അവരെ ഉപദേശിച്ചും ഉദ്ബോധിപ്പിച്ചും വീണ്ടെടുക്കാനാവൂ. തിന്മ തിന്മയാണെന്ന ബോധം ഇല്ലാതായിക്കഴിയുകയെന്നാൽ അതിനെ നന്മയെന്നു ബോധി

ക്കുക എന്നാണർഥം. തുടർന്ന് തദനുസൃതമായ ദർശനങ്ങളും സിദ്ധാന്തങ്ങളും രൂപീകരിക്കപ്പെടുന്നു. സദാചാരധ്വംസനവും അനാശാസ്യ നടപടികളും, പരിഷ്കാരമായി അടയാളപ്പെടുത്തപ്പെടുന്നു. അഗമ്യഗമനവും സ്വവർഗപ്രേമവും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും മൗലികാവകാശത്തിന്റെയും പ്രശ്നങ്ങളായി വ്യാഖ്യാനിക്കപ്പെടുന്നു. മതമോ രാഷ്ട്രമോ അത്തരം നടപടികളിലിടപെടുന്നത് സ്വാതന്ത്ര്യനിഷേധവും മൗലികാവകാശ ലംഘനവുമായി വിലയിരുത്തപ്പെടുന്നു. أَوَلَمْ نَنْهَكَ عَنِ ٱلْعَـٰلَمِينَ (നീ ലോകരുടെ കാര്യങ്ങളിൽ ഇടപെടുന്നത് ഞങ്ങൾ വിലക്കിയിട്ടില്ലെയോ?) എന്ന ചോദ്യം ഈ ആശയത്തെയും ഉൾക്കൊള്ളുന്നുണ്ട്. ആധുനിക കാലത്തും സദാചാരവിരുദ്ധവും മൂല്യനിഷേധപരവുമായ നടപടികൾ പ്രചരിപ്പിക്കുന്നവരുടെ നിലപാട് ഇതൊക്കെത്തന്നെയാണ്.

ചില പണ്ഡിതന്മാർ ഇങ്ങനെയും വ്യാഖ്യാനിച്ചിട്ടുണ്ട്: സ്വവർഗഭോഗത്തിന് അവർ ഒരുതരം രാഷ്ട്രീയാനുമതി സൃഷ്ടിച്ചെടുത്തിരുന്നു. നാട്ടുകാർ പൊതുവിൽ അംഗീകരിച്ച നടപടികൾക്കെതിരെ ലൂത്വ് ആളുകളെ സംഘടിപ്പിക്കാനോ പ്രചാരണം നടത്താനോ പാടില്ല. മറുനാട്ടുകാരുമായി വിശേഷിച്ചും ബന്ധപ്പെട്ടുകൂടാ. ലൂത്വിന്റെ വീട്ടിൽ മറുനാട്ടുകാർ വരുന്നത് നഗരത്തിന്റെ പൊതുസംസ്കാരം അട്ടിമറിക്കുന്നതിനു അയാളുമായി ഗൂഢാലോചന നടത്താനാണ്. ഈ ആപത്ത് വളരാനനുവദിക്കില്ലെന്നും ലൂത്വ് ജനങ്ങളുമായി ബന്ധപ്പെടരുതെന്നും അവർ ആവശ്യപ്പെട്ടിരുന്നു. ഈ വിലക്കിനെയാണ് പ്രകൃതവാക്യം സൂചിപ്പിക്കുന്നത്.

അതിഥികളുടെ മാനം കാക്കാൻ വേണ്ടി ലൂത്വ്(അ) സ്വന്തം മാനം കൈവെടിയാൻ സന്നദ്ധനാകുന്നതിനെയാണ് ............هَـٰٓؤُلَآءِ بَنَاتِى എന്ന വാക്യം അവതരിപ്പിക്കുന്നത്. അക്രമികളുടെ മനുഷ്യത്വത്തെ- മനസ്സാക്ഷിയെ ഉണർത്താനാണ് അദ്ദേഹം ഈ വാഗ്ദാനം ചെയ്തത്. സ്വന്തം പുത്രിമാരുടെ മാനം കവർന്നുകൊള്ളാൻ മറ്റുള്ളവർക്ക് അനുവാദം നൽകുന്ന ഒരു പിതാവിന്റെ ദയനീയാവസ്ഥ മനസ്സാക്ഷി മരിച്ചിട്ടില്ലാത്ത ആരുടെയും മനസ്സലിയിക്കുന്നതാണ്. അതിഥികളെ മാനഭംഗപ്പെടുത്തുന്നതിന്റെ ഗൗരവം അപ്പോൾ അവർക്കു മനസ്സിലാകും. അതിഥികളിൽനിന്നു മാത്രമല്ല, തന്റെ പെൺമക്കളിൽനിന്നും അവർ പിന്തിരിയും. എന്നെ കൊന്നോളൂ, എന്നിട്ടെങ്കിലും ഇന്നയാളെ വെറുതെ വിടണം എന്ന് ചിലപ്പോൾ ആളുകൾ പറയാറുള്ളതുപോലെയാണിത്. ലൂത്വ് നബി വാഗ്ദാനം ചെയ്യുന്നത് വിവാഹ ബാഹ്യ ലൈംഗികബന്ധമല്ലെന്നും മക്കളിലാരെ വേണമെങ്കിലും നിങ്ങൾക്ക് വിവാഹം ചെയ്തു തരാമെന്നാണെന്നുമാകുന്നു ഭൂരിപക്ഷം പണ്ഡിതന്മാരും വ്യാഖ്യാനിച്ചിട്ടുള്ളത്. പ്രവാചകനായ ലൂത്വ്(അ) സ്വന്തം പുത്രിമാരുമായി അവിഹിതവേഴ്ചയിലേർപ്പെടാൻ അന്യപുരുഷന്മാർക്ക് അനുമതി കൊടുത്തു എന്നുകരുതുന്നത്, 'കുഫ്റ്' ആണെന്നുവരെ ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ■